## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
## (ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)
## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. ജോൺസൺ. കെ)

വിഷയം : തസ്വഭവ – (LID & EW) – ജീവനക്കാര്യം – സീനിയർ ക്ലർക്ക് തസ്തികയിലെ അന്തിമ മുൻഗണനാപ്പട്ടിക – മാതൃവകുപ്പിലെ സീനിയോരിറ്റി പരിഷ്കരണ തുടർച്ചയിൽ ഈ വകുപ്പിൽ സീനിയോരിറ്റി പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :
1) ഈ കാര്യാലയത്തിലെ 10.09.2021–ലെ ഇതേ നമ്പർ അന്തിമ മുൻഗണനാപ്പട്ടിക
2) ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ഭരണവിഭാഗം)–ന്റെ 16.12.2021–ലെ CEPWD/7729/2021-SC2(PF)–AD നമ്പർ ഉത്തരവ്
3) ശ്രീമതി. ഗീത എം.എസ്, ശ്രീ. കലേഷ് കുമാർ വി.എസ്, ശ്രീമതി. ഷീജാകുമാരി ആർ, ശ്രീ. നന്ദകുമാർ പി.എം എന്നിവർ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷകൾ
4) ഈ കാര്യാലയത്തിലെ 14.03.2022–ലെ ഇതേ നമ്പർ നോട്ടീസ്
5) ജി.ഒ(ആർ.ടി) നം. 767/2021/തസ്വഭവ തീയതി 24.07.2021

## ഉത്തരവ് നം. എ 1–1001/13/സിഇ/തസ്വഭവ (Vol.IV) തീയതി 24.06.2022

പരാമർശം (1) പ്രകാരം ഈ വകുപ്പിലെ സീനിയർ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി അന്തിമമാക്കി പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗത്തിലേയ്ക്ക് സ്ഥിരമായി പുനർവിന്യസിക്കപ്പെട്ട, നിലവിൽ ആലപ്പുഴ ജില്ലയിലെ തസ്വഭവ സബ്ഡിവിഷൻ മുതുകുളം ബ്ലോക്ക്പഞ്ചായത്തിൽ ഹെഡ്ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. ഗീത എം.എസ്–നും, കോഴിക്കോട് ജില്ലയിൽ തസ്വഭവ സബ്ഡിവിഷൻ കൊടുവള്ളി ബ്ലോക്ക്പഞ്ചായത്തിൽ ഹെഡ്ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. നന്ദകുമാർ പി.എം–നും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഹെഡ്ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. കലേഷ് കുമാർ വി.എസ്–നും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. ഷീജാകുമാരി ആർ–നും തങ്ങളുടെ മാതൃവകുപ്പായ പൊതുമരാമത്ത് വകുപ്പിൽ സീനിയർ ക്ലർക്ക് തസ്തികയിലെ സ്ഥാനക്കയറ്റം യഥാക്രമം 01.11.2005, 21.07.2010, 21.07.2010, 21.08.2010 എന്നീ തീയതികൾ പ്രാബല്യത്തിൽ പുനഃക്രമീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിനെ തുടർന്ന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് അന്തിമ മുൻഗണനാപ്പട്ടിക ക്രമപ്പെടുത്തി പരാമർശം (4) പ്രകാരം കരട് പ്രസിദ്ധീകരിച്ചിരുന്നു.

നിശ്ചിത സമയപരിധിയ്ക്കുള്ളിൽ സമർപ്പിച്ച പരാതികൾ പരിശോധിച്ചതിൽ മാതൃവകുപ്പുകളിൽ പരാതിക്കാർ സീനിയോരിറ്റി സംബന്ധിച്ച് സമർപ്പിച്ച അപേക്ഷകളിൽ തീർപ്പുണ്ടാകുന്നതുവരെ പരാമർശം (4) കരട് ഉത്തരവ് അന്തിമമാക്കരുത് എന്നുള്ള വാദം ഉന്നയിച്ചിരുന്നു. എന്നാൽ പരാമർശം (5) പ്രകാരം ഇനിയും മാതൃവകുപ്പുകളിലുണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് ഭേദഗതി ചെയ്യപ്പെടണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഈ വകുപ്പിലെ പരാമർശം (1) ഉത്തരവിൽ ക്രമ നം. '80' ശ്രീമതി. ഗീത എം.എസ്-നെ ക്രമനം. 33 ശ്രീമതി. തങ്കമ്മ കെ.കെ-യ്ക്കും, ക്രമ നം. 34 ശ്രീ. ഉദയകുമാർ കെ.പി-യ്ക്കും മധ്യേ ക്രമ നം. 33 A ആയും, ക്രമനം. '85' ശ്രീ. നന്ദകുമാർ പി.എം-നെ ക്രമനം. 75 ശ്രീ. റോബിൻസൺ എക്സ്-നും ക്രമ നം. 76 ശ്രീ. നാസർ എം.പി-യ്ക്കും മധ്യേ ക്രമ നം. 75 A ആയും, ക്രമ നം. '86' ശ്രീ. കലേഷ് കുമാർ വി.എസ്-നെ ക്രമ നം. 75 B ആയും, ക്രമനം. '111' ശ്രീമതി. ഷീജാകുമാരി ആർ-നെ ക്രമ നം. 76 ശ്രീ. നാസർ എം.പി-യ്ക്കും ക്രമ നം. 77 ശ്രീ. വിജയൻ എം-നും മധ്യേ ക്രമ നം. 76 A ആയും ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു. ഈ ഉത്തരവിൻ പ്രകാരമുള്ള ഭേദഗതിയോടെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്.

ഉള്ളടക്കം : വ്യക്തികൾക്ക്
(നിയന്ത്രണാധികാരികൾ മുഖേന)

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

പകർപ്പ് :
1) എല്ലാ നിയന്ത്രണാധികാരികൾക്കും (താങ്കൾ താങ്കളുടെ കീഴിലുള്ള ജീവനക്കാരെ അറിയിക്കേണ്ടതാണ്)
2) ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക വെബ്സൈറ്റ്
3) കരുതൽ ഫയൽ